നം.ഇ.എസ്സ് 6-88056/17/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം : തീയതി. 26/10/2017.

പ്രേക്ഷിതൻ,

ആരോഗ്യവകുപ്പ് ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം)
തിരുവനന്തപുരം/ആലപ്പുഴ/കോഴിക്കോട്.

സർ,

വിഷയം - ആരോഗ്യവകുപ്പ് - ജീവനക്കാര്യം - സീനിയർ ഗ്രേഡ് ഡയറ്റീഷ്യന്റെ തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റ നടപടികൾ - കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ആവശ്യപ്പെടുന്നത് - സംബന്ധിച്ച്.

സൂചന -

ഡയറ്റീഷ്യൻ ഗ്രേഡ് 1 തസ്തികയിൽ നിന്ന് സീനിയർ ഗ്രേഡ് ഡയറ്റീഷ്യൻ തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റ നടപടികളുടെ ഭാഗമായി ഡി.പി.സി. യോഗത്തിൽ സമർപ്പിക്കുന്നതിലേക്കായി ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ഗ്രേഡ് 1 ഡയറ്റീഷ്യന്മാരുടെ 2014, 2015, 2016 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ആവശ്യമാണ്. ആയതിനാൽ താങ്കളുടെ ജില്ലയിൽ ജോലിചെയ്യുന്ന ഗ്രേഡ് 1 ഡയറ്റീഷ്യന്മാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ അടിയന്തിരമായി ശേഖരിച്ച് തുടർനടപടികൾ പൂർത്തിയാക്കി 15/11/2017 നകം ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുമ്പോൾ ഇതു സംബന്ധിച്ച് മുൻപ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട ജീവനക്കാരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള കാലയളവുകളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളാണ് സമർപ്പിക്കേണ്ടത്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളോടൊപ്പം ഡയറ്റീഷ്യൻ ഗ്രേഡ് 2 തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിന്റെ പകർപ്പുകൂടി സമർപ്പിക്കേണ്ടതാണ്. ഉദ്യോഗക്കയറ്റ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതിനാൽ ഈ വിഷയത്തിൽ അടിയന്തിര പ്രാധാന്യം നൽകി സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി.

## പട്ടിക

| ക്രം. നം. | റാങ്ക് നം. | പേര് | ജനനതീയതി | സി.ആർ ആവശ്യപ്പെട്ട വർഷം |
|---|---|---|---|---|
| 1 | 1 | ഷീജാ കമാൽ | 17/05/1977 | 2015, 2016 |
| 2 | 2 | സുനി.കെ | 09/05/1972 | 2015, 2016 |
| 3 | 3 | എലിസബത്ത് അഗസ്റ്റിൻ | 16/03/1976 | 2014, 2015, 2016 |

ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി.